**D3AML1903** **(2 Pages)** **Name:............................**

**Reg.No:........................**

**THIRD SEMESTER MA DEGREE EXAMINATION, NOVEMBER 2020**

**മലയാളം**

FMAL3E03: **കഥ സാഹിത്യം**

**Time: Three Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. 'അവനവന്റെ വാസ്തവമായ ആനന്ദമല്ല, അന്യരുടെ അതിർ കവിഞ്ഞ അസൂയയാണ് ലൗകിക ഭാഗ്യത്തിന്റെ പരമോച്ചകോടിയുടെ അടയാളം'. ഈ ആത്മഗതത്തിന് അടിസ്ഥാനമെന്ത്?
2. 'ആ അടിച്ച കൈ വാഴട്ടെ! ഇന്ന് നിങ്ങൾ എന്റെ തലയിൽ കുളം തോണ്ടി. നാളെയൊരു കാലത്ത് ഇവിടം തന്നെ കുളം കോരിപ്പോകാം'. ആരുടെ വാക്കുകൾ? സന്ദർഭമേത്?
3. ഒരു കള്ളനെന്തിനാണ് ബാബൂ സമയം? ഇരുട്ടും വെളിച്ചവുമാണ് അവന് ഘടികാരം. സന്ദർഭം വ്യക്തമാക്കുക.
4. രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ സ്നേഹം കൊതിക്കുന്നവരും സ്നേഹത്തിന്റെ ചൂടിൽ വെണ്ണ പോലെ ഉരുകുന്നവരുമാണ്' എന്ന ഡോ.എം.ലീലാവതിയുടെ അഭിപ്രായം 'ആത്മഹത്യ' എന്ന കഥയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.
5. ഫാന്റസികൾ വളരെയേറെ ഉള്ള ഒരു കഥാ മണ്ഡലമാണ് മാധവിക്കുട്ടിയുടേത് ഈ അഭിപ്രായം 'നാവിക വേഷം ധരിച്ച കുട്ടി' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക.
6. 'കുഞ്ഞമ്പു എതിർത്തത് ഹിന്ദുയിസത്തെയല്ലായിരുന്നു, ബ്രാഹ്മണിസത്തെയായിരുന്നു' എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
7. ആധുനികവിദ്യാഭ്യാസത്തിന്റെ ആവശ്യകത എങ്ങനെയാണ് ഒരു പ്രമേയമായി 'അപ്പന്റെ മകളി' ൽ വികസിക്കുന്നത്?

**(4 × 2 = 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. ഇന്ത്യൻ പാരമ്പര്യ കഥാഖ്യാനങ്ങളുടെ സ്വഭാവ സവിശേഷതകളെന്തെല്ലാം ?
9. ബോൺസായ് എന്ന കഥയുടെ ശീർഷകം കഥയ്ക്കെത്ര മാത്രം അനുയോജ്യമായിരിക്കുന്നുവെന്ന് ചർച്ച ചെയ്യുക.

(തുടർച്ച....2)

10. മലയാളത്തിലെ ആദ്യകാല ചെറുകഥകളുടെ പ്രമേയപരവും ആഖ്യാനപരവുമായ പ്രത്യേകതകളെപ്പറ്റി ഉപന്യസിക്കുക.

11. തന്റെ മരണശേഷം തനിക്കു ബോധ്യപ്പെട്ട സത്യങ്ങളുണ്ട്, ജീവിതകാലത്ത് താൻ അനുഭവിച്ച കാര്യങ്ങളുണ്ട്. അവയെ വെളിപ്പെടുത്തുകയാണ് പ്രേതഭാഷണത്തിലെ ആഖ്യാതാവ്. വിശദീകരിക്കുക.

12. പാത്രസൃഷ്ടിയിൽ കെ.ആർ.മീര പുലർത്തുന്ന മികവ് 'ഫണി ഭൂഷൻ ഗ്രുദ്ധാ മല്ലിക് ' എന്ന കഥാപാത്രത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

13. മാമാങ്കം എന്ന ചരിത്രസംഭവം സി. രാധാകൃഷ്ണന്റെ നോവലിൽ പ്രമേയവത്കരിക്കുന്നതെങ്ങനെ?

14. ആദ്യതലമുറ കുടിയേറ്റക്കാരുടെ ദുരന്തചിത്രം വിഷകന്യകയിൽ എസ്.കെ. പൊറ്റക്കാട് എങ്ങനെ അവതരിപ്പിക്കുന്നു?

. **(4 × 3 = 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. 'മുല്ലപ്പൂ നിറമുള്ള പകലുകളിൽ' ബെന്യാമിൻ ചരിത്രത്തെ എങ്ങനെ നോവലിനോട് ചേർത്തുവെക്കുന്നു എന്ന് പരിശോധിക്കുക.

16. വി.കെ.എൻ കൃതികളിലെ ആഖ്യാനത്തിന്റെ ഒരു സവിശേഷത ഫ്യൂഡൽപെരുമയുടെ ഫലിതപ്പകർപ്പുകളായി പരിഗണിക്കാവുന്ന നാട്ടുപ്രമാണിമാരും ഐതിഹാസിക പാരമ്പര്യത്തിൽ നിന്നും ഉയിരെടുക്കുന്ന പുരാണ/ചരിത്ര പുരുഷൻമാരും അതിൽ സദാ സന്നിഹിതരായിരിക്കുന്നുവെന്നതാണ്. ഈ അഭിപ്രായം 'നളചരിതം മൂലം' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക

17. പാത്ര ചിത്രണത്തിൽ സി.വി രാമൻപിള്ള പുലർത്തുന്ന വൈദഗ്ധ്യം 'ധർമ്മരാജ'യെ ആസ്പദമാക്കി വിശകലനം ചെയ്യുക

18. സ്വന്തം സ്വാതന്ത്ര്യം തന്റെ പക്കലല്ലെന്നും താൻ കേവലം ഉപകരണം മാത്രമാണെന്നുമുള്ള തിരിച്ചറിവിനാൽ വേട്ടയാടപ്പെടുന്ന മനുഷ്യന്റെ ദുർഭഗാവസ്ഥയുടെ ചിത്രീകരണമാണ് ഗോവർദ്ധന്റെ യാത്രകൾ - സമർത്ഥിക്കുക

**(2 × 5 = 10 വെയ്റ്റേജ്)**